പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3091

20.06.2014 ലെ
മറുപടിയ്ക്ക്

# ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് പാർപ്പിടം

**ചോദ്യം**
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**
ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് പാർപ്പിടം നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(എ) 2013-14 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/ വിവാഹ മോചിതരുമായ സ്ത്രീകൾക്ക് വേണ്ടി, ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഒരു ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. വിധവകളും/ വിവാഹാമോചിതരായിട്ടുള്ളവർക്കുള്ള ഭവന പദ്ധതിയിലേയ്ക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 19 കോടി രൂപ വകയിരുത്തുകയും, സംസ്ഥാനത്തെ 14 ജില്ലകളിലായി 950 ഭവനങ്ങൾ ടി വിഭാഗത്തിനായി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയുമാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ടി പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിധവകൾക്ക് വീട് നല്കി യിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലായി 950 ഭവനങ്ങൾ നിർമ്മിക്കുന്നതിനായി ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ വീതം 19 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ അംഗ മാകുന്ന വിധവകൾക്ക് വരുമാനപരിധി നിശ്ചയിച്ചി ട്ടുണ്ടോ; എങ്കിൽ വിശദാം ശങ്ങൾ നൽകുമോ;

(സി) ഇല്ല. ബി.പി.എൽ കുടുംബങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്.

(ഡി) അപേക്ഷകർക്ക് എത്രഭൂമിവേ ണമെന്നും എന്തെല്ലാം രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നും അപേക്ഷ സ്വീകരിക്കുന്ന ഏജൻസികൾ ഏതെല്ലാമാ ണെന്നും വെളിപ്പെടുത്തുമോ?

(ഡി) 2013-14 -ൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താവിന് കുറഞ്ഞത് 3 സെന്റ് ഭൂമി ഉണ്ടാക ണമെന്നും 2014-15 വർഷത്തെ പദ്ധതി പ്രകാരം കുറഞ്ഞത് 2.5 സെന്റ് വസ്തു ഉണ്ടാകണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

1. വിധവകളായവർ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പും, വിവാഹ മോചിതരായവർ മോചന സർട്ടിഫിക്കറ്റ്.
2. നടപ്പ് സാമ്പത്തിക വർഷത്തെ വസ്തു കരം ഒടുക്കിയ രസീതിന്റെ പകർപ്പ്
3. റേഷൻ കാർഡിന്റെ പകർപ്പ്
4. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സ്ഥിര താമസ സർട്ടിഫിക്കറ്റ് മുതലായവ.

അപേക്ഷകർ താമസിക്കുന്ന ജില്ലയിലെ കളക്ടറേറ്റുക ളിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

സെക്ഷൻ ഓഫീസർ